**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.508 04.02.2020-ൽ മറുപടിക്ക് ഉണ്ടായിരുന്നത്**

## നികുതി വെട്ടിപ്പ് തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് | | കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇ-വേ ബിൽ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആർ) പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ഹൈവേയിൽ നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്തുവാൻ പറ്റുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഇതിനെ സംബന്ധിച്ച് പ്രധാന അതിർത്തി മേഖലകളിൽ ഈ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള കരാർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. GSTN തത്സമയമായ ഇ-വേ ബിൽ ഡേറ്റാ തരുന്നതിനുള്ള സാങ്കേതിക സംവിധാനവും ലഭിച്ചു. ഇത് 2020 ഏപ്രിൽ മാസത്തോട് കൂടി പൂർണ്ണമായും ഉപയോഗക്ഷമമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br>ഇ-വേ ബിൽ സമ്പ്രദായം റിട്ടേൺ ഫയലിംഗുമായി ബന്ധപ്പെടുത്തി കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് രണ്ടോ അതിലധികമോ മാസം ജി.എസ്.ടി.ആർ 3 ബി റിട്ടേണുകൾ ഫയൽ ചെയ്യാത്ത വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കുന്നത് ഓട്ടോമാറ്റിക് ആയി ബ്ലോക്ക് |

| | | | |
|---|---|---|---|
| | | | ചെയ്യപ്പെടും. റിട്ടേൺ ഫയൽ ചെയ്യാത്തത് 2 മാസത്തിൽ താഴെ ആണെങ്കിൽ മാത്രമേ ഇ-വേ ബിൽ എടുക്കുന്നതിന് സാധിക്കുകയുള്ളൂ. ഇതുമൂലം കൃത്യ സമയത്തിനുള്ളിൽ 3 ബി റിട്ടേണുകൾ ഫയൽ ചെയ്ത് നികുതി ഒടുക്കുന്നതിന് വ്യാപാരികൾ സശ്രദ്ധരാകും. |
| (ബി) | ഇതിലൂടെ നികുതി വെട്ടിപ്പ് തടയുന്നതിന് എത്രമാത്രം സാധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നികുതി വെട്ടിപ്പ് തടയുന്നതിന് ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുകയും 2019-2020 സാമ്പത്തിക വർഷം 31-12-2019 വരെ 1283718 ചരക്ക വാഹനങ്ങൾ പരിശോധിക്കുകയും 5919 ക്രമക്കേടുകൾ കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട് . റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയശേഷം ഉപഭോക്താക്കളിൽ നിന്നും വ്യാപാരികൾ ഈടാക്കുന്ന നികുതി സർക്കാരിലേക്ക് ഒടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ; | (സി) | സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം ബിൽ പരിശോധന നടത്തി ഉപഭോക്താക്കളിൽ നിന്നും വ്യാപാരികൾ ഈടാക്കുന്ന നികുതി സർക്കാരിലേക്ക് ഒടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ റിട്ടേൺ ഫയൽ ചെയ്യാത്തവർക്കെതിരെ അസസ്സ്മെന്റ് നടപടികളും, കടപരിശോധന, പിഴ എന്നീ നടപടികളും എടുത്തുവരുന്നു. റിട്ടേൺ സ്കൂട്ടിനി പ്രകാരവും നികുതി ഒടുക്കുന്നതിൽ പിഴവോ കുറവോ വരുത്തിയവർക്കെതിരെ നിയമ നടപടികളും കൈക്കൊള്ളുന്നുണ്ട്. |
| (ഡി) | ഈടാക്കിയ നികുതി ഒടുക്കാത്ത വ്യാപാരികളിൽ എത്രപേർക്കെതിരെ ഈ സാമ്പത്തിക വർഷം കേസ് രജിസ്റ്റർ ചെയ്തുവെന്ന് വെളിപ്പെടുത്താമോ? | (ഡി) | ഈടാക്കിയ നികുതി ഒടുക്കാത്ത 404 വ്യാപാരികൾക്കെതിരെ (2019-20) സാമ്പത്തിക വർഷത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

Jasmi

**സെക്ഷൻ ഓഫീസർ**